**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ
ചോദ്യം നമ്പർ: 4919

24.07.15 -ൽ മറുപടിക്ക്

**ജല-പരിസ്ഥിതി സംരക്ഷണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീമതി. കെ.എസ്.സലീഖ | |
| (എ) | ജല-പരിസ്ഥിതി സംരക്ഷണത്തിനും മഴവെള്ള സംഭരണത്തിനും വേണ്ടി ഈ സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര തുക ചെലവാക്കി ;എന്തൊക്കെ നടപടികൾ ഇതിനായി സ്വീകരിച്ചു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ; | (എ) (ബി) (സി) & (ഡി) വിവരങ്ങൾ ശേഖരിച്ചു വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി നദികളുടെ സംരക്ഷണം , കയ്യേറ്റം തടയൽ, മണൽ വാരൽ നിയന്ത്രിക്കൽ, തീരസംരക്ഷണം, തോടുകളുടെ സംരക്ഷണവും കയ്യേറ്റം തടയലും, കുളങ്ങളുടെ സംരക്ഷണം, കുളം നികത്തൽ തടയൽ, വീടുകളിൽ മഴക്കുഴികൾ സ്ഥാപിക്കൽ എന്നിവ വഴി മഴവെള്ള സംഭരണത്തിനും ജല- പരിസ്ഥിതി സംരക്ഷണത്തിനുമായി ഈ കാലയളവിൽ ഓരോ വർഷവും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും,അത്തരം പ്രവൃത്തികൾക്കായി നീക്കിവച്ച തുക , ചെലവാക്കിയ തുക, , ലഭിച്ച കേന്ദ്ര സഹായം , അതിൽ ചെലവാക്കിയ തുക എന്നിവ എത്രയെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ; | |
| (സി) | ഈ കാലയളവിൽ കുളങ്ങളുടെ പുനരുദ്ധാരണം, നികത്തപ്പെട്ട കുളങ്ങളെ പുനരുദ്ധരിക്കൽ, കിണർനിറ, നീർത്തടാധിഷ്ഠിത ഗ്രാമവികസനം എന്നിവയ്ക്കായി ജലവിഭവ വകുപ്പും മറ്റു വകുപ്പുകളും സംയുക്തമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വർഷവും ജില്ലയും തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ; | |

(ഡി) ഏതെല്ലാം ജില്ലകളിൽ മഴവെള്ളം പാഴാകുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; ജലദൗർലഭ്യം നേരിടുന്ന ഇടങ്ങളിൽ മഴവെള്ളം നഷ്ടപ്പെടുത്താതെ സംഭരിച്ച് ഉപയോഗപ്രദമാക്കാൻ എന്തൊക്കെ നടപടികൾ ഈ കാലയളവിൽ സ്വീകരിച്ചുവെന്നും ആയതിന് എത്ര തുക ചെലവായെന്നും വർഷവും ജില്ലയും തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

സെക്ഷൻ ഓഫീസർ